"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ശ്രീമതി ശോഭന എന്ന വ്യക്തിയ്ക്ക് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് മാനുഷിക പരിഗണന നൽകി പ്രത്യേക കേസ് ആയി പരിഗണിച്ച് ഫ്ലാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**889/2025/F&P** തീയതി,തിരുവനന്തപുരം, **17-12-2025**

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ **19/11/2025**-ലെ ഡി.എഫ്.ടി.വി.എം-എസ്1 പി.ഐ.യു നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പത്താം വർഡിൽ താമസിക്കുന്ന ശ്രീമതി ശോഭനയുടെ ഭർത്താവ് **10** വർഷം മുമ്പ് മരണപ്പെടുകയുണ്ടായി. നാലുവശവും തോടിനാൽ ചുറ്റപ്പെട്ട മൂന്ന് സെന്റ് വസ്തുവിലാണ് ടി വ്യക്തിയുടെ ഭവനം നിലകൊള്ളുന്നത്. വീട്ടിലേക്ക് തോട് നീന്തി പോകേണ്ട അവസ്ഥയിലാണ്. ടിയാളും മകനും രണ്ടു കൊച്ചുമക്കളും (വിദ്യാർത്ഥികൾ) ഉൾപ്പെടുന്ന കുടുംബത്തിൽ ഗൃഹനാഥയായ ശ്രീമതി ശോഭന ക്യാൻസർ രോഗിയാണ് (ബ്രസ്റ്റ് ക്യാൻസർ). ഏകദേശം **15** വർഷത്തോളമായി ചികിത്സയിലാണ്. ടിയാൾക്ക് പ്രസ്തുത ഭവനത്തിൽ നിന്നും മാറി താമസിക്കാൻ താത്പര്യം അറിയിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2)** അപേക്ഷക വേലിയേറ്റ രേഖയിൽ നിന്ന് **50** മീറ്ററിനു പുറത്താണ് താമസം. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല, അതിനാൽ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ശ്രീമതി. ശോഭനയെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധ്യമല്ല. എന്നാൽ, കുടുംബത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**3)** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി പ്രത്യേക കേസ് ആയി പരിഗണിച്ച് ശ്രീമതി ശോഭനയ്ക്ക് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഫ്ലാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/395/2025/മതുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 17-12-2025 12:48:23